# GHSS CHELORA

## LK/2019/13054

### DIGITAL MAGAZINE 2024

# നിറച്ചാർത്ത്



# Table of Content


1. വിദ്യാലയത്തെ കുറിച്ച്     3
2. Science and Technology  4
3. സ്വപ്നത്തിലേക്കുള്ള മടക്കയാത്ര 5
4. പ്രകാശം പരത്തുന്ന പക്ഷി  9
5. മഴ 11
6. ഇന്ത്യ  ശാസ്ത്രപുരോഗതിയിലേക്ക് 14
7. അതിജീവനത്തിന്റെ ബാല്യം 16
8. ചിന്നുവിന്റെ ഡയറി  17
9. ളുവൽ സ്പർശമായ മഴ     18
10. ഭയം 20
11. സ്വപ്നങ്ങളിലേക്കുള്ള യാത്ര     22
12.കിളി വന്നു  തൊട്ടപ്പോൾ 24
13. ഇന്ത്യ ശാസ്ത്രപുരോഗതിയിൽ ഇനിയും ഉയരത്തിലേക്ക് 26
14 .പ്രകൃതിയാണമ്മ 28
15. രസകുടുക്ക    29
16. ART GALLERY    31

# വിദ്യാലയത്തെ കുറിച്ച്

കണ്ണൂർ കോർപറേഷൻ പരിധിയിലുള്ള ചേലോറ ഗ്രാമത്തിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത് .ഈ വിദ്യാലയം ചേലോറ ഗ്രാമ പ്രദേശത്തുള്ള മുഴവൻ കുട്ടികൾക്കും അക്ഷര വിദ്യ പകർന്നു നൽകുന്ന സാംസ്കാരിക സ്ഥാപനമായി നിലകൊള്ളുന്നു .ഈ ഗ്രാമത്തിന്റെ വടക്കുഭാഗത് കൂടിയാണ് കാനാമ്പുഴ എന്ന ശുദ്ധ ജലസ്രോതസ്സ് ഒഴുകിയിരുന്നത് . കൈവഴിയായി ഒഴുകിയ ചാലിന്റെ ഇരുവശത്തും കിടന്നിരുന്ന ഗ്രാമം ആദ്യകാലത്തു ചാലൂർ എന്നും പിന്നീട് ചേലോറ എന്നും അറിയപ്പെടുന്നു .വാണിയചാൽ പ്രദേശത്തു കൂടി ഒഴുകിയ മനോഹരമായ നീർച്ചാലിന്റെ പേരിൽ നിന്നാണ് ചേലോറ എന്ന പേരുണ്ടായത് എന്നും പറയപ്പെടുന്നു

# Science and Technology



Science and technology is making a very fast progress.Most of our day work are done by machines. science and technology enable us to save both money and time. science and technology open up new perspectives of understanding. science and technology aid in the advancement of the field of education. science and technology contribute to the development of treatment and therapeutic equipments.There are lost of branches In both so most people get job opportunities.




Aadithya Krishnan

# സ്വപ്നത്തിലേക്കുള്ള മടക്കയാത്ര

നക്ഷത്രത്തിൽ പരവതാനി വിരിച്ച ആകാശത്തെ അപ്പു ഉറ്റുനോക്കിക്കൊണ്ടിരുന്നു. അവിടുത്തെ കാഴ്ചകൾ എന്നും അവനിൽ വിസ്മയം തീർക്കുന്നതായിരുന്നു. അച്ഛന്റെ കൈയിൽ തൂങ്ങി അവൻ കണ്ട



ഓരോ കാഴ്ചയും അവന് ഏറെ പ്രിയപ്പെട്ടതാണ്. അവൻ അച്ഛനോട് ചോദിച്ചു, ”അച്ഛാ ഈ ആകാശമെന്താ ഇത്രയും വ്യാപിച്ചിരിക്കുന്നത് ? ഇതിന് എന്താ ഒരു അവസാനമില്ലാത്തത് ?” അപ്പുവിന്റെ ചോദ്യത്തിനുള്ള വ്യക്തമായ ഉത്തരം അച്ഛന്റെ കൈയ്യിൽ ഉണ്ടായിരുന്നില്ല. അച്ഛൻ അപ്പുവിനോട് ചോദിച്ചു. ”മോന് അച്ഛനേയും അമ്മയേയും എത്രത്തോളം ഇഷ്ട്മാണ് ?” അവന് അത് അളക്കാൻ പറ്റുന്നതായിരുന്നല്ല. അവൻ അവന്റെ രണ്ട് കൈകളും പരമാവധി അകത്തിക്കൊണ്ട് പറഞ്ഞു: ”ഇത്രേം”. അച്ഛൻ ചോദിച്ചു ”അതിന് അവസാനം ഉണ്ടാകുമോ”?

അവൻ പറഞ്ഞു "ഇല്ല". അതുപോലെതന്നെയാണ് ആകാശവും അതിലെ കാഴ്ച്കളും . അവന്റെ കുഞ്ഞുമനസിന്അതിന്റെ അർത്ഥവ്യാപ്തി മനസിലായില്ല. ഒരു നിമിഷം അവൻ അച്ഛനെ തന്നെ നോക്കിയിരുന്നു . അച്ഛന്റെ കണ്ണിലെ സ്നേഹത്തിൻ തീക്ഷ്ണ്ത അവന്റെ മനസിൽ ഇത്തരമായി പതിഞ്ഞു.പിന്നെ അവൻ അച്ഛനോട് ഒന്നും ചോദിച്ചില്ല. അച്ഛന്റെ തോളിലേറി അവൻ കുറച്ചുദൂരം മുന്നോട്ടുനടന്നു. അവന്റെ ഓരോ കാൽവയ്പ്പും ഓരോ ചോദ്യങ്ങളിലേക്കായിരുന്നു. പെട്ടെന്ന് അവൻ ഒരു താഴ്ചയിലേക്ക് വീണു. പക്ഷെ അവന്റെ കൂടെ അച്ഛ-നുണ്ടായിരുന്നില്ല. 'അച്ഛാ......' എന്ന് ഉറക്കെ വിളിച്ചുകൊണ്ട് അവൻ കിടക്കയിൽ നിന്ന് എഴുന്നേറ്റു. അവന്റെ കണ്ണിൽ നിന്നും കണ്ണുനീർ ഉറ്റുറ്റു വീഴുന്നുണ്ടായിരുന്നു. അവന്റെ നിലവിളികേട്ട് അമ്മ ഓടി വന്നു. എന്താ മോനെ....? അവന്റെ കണ്ണുനീർ ആ ചോദ്യത്തിനുള്ള ഉത്തരമായിരിന്നു. അമ്മ അവനെ സമാധാനിപ്പിച്ചു. അച്ഛന്റെ ഓർമ്മകൾ അമ്മയിലും അലയടിച്ചു. അവന്റെയും അമ്മയുടെയും ജീവിത ത്തെയും സ്വപ്നങ്ങളേയും സന്തോഷങ്ങളേയും ചൂഴ് ന്നെടുത്ത ആ ദിവസത്തിലേക്ക് അപ്പു മടങ്ങിപ്പോ യി . ഇന്നവൻ 10-ാം ക്ലാസിൽ പഠിക്കുകയാണ് . 8-ാം ക്ലാസിൽ പഠിക്കുമ്പോഴായിരുന്നു അച്ഛന്റെ

വിയോഗം . ആ   വേർപാട് അവന് താങ്ങാനാവാത്തതായിരുന്നു. അവന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു. ഒരു ക്രിക്കറ്റ് താരം ആവുക എന്നുള്ളത് . ചെറുപ്പത്തിൽ തന്നെ അവൻ നന്നായി ക്രിക്കറ്റ് കളിക്കുമായിരുന്നു. ഒരിക്കൽ അവന് ക്രിക്കറ്റ് ടൂർണമെന്റിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു . പക്ഷെ നല്ലൊരു ക്രിക്കറ്റ് ബാറ്റ് അവനുണ്ടായിരുന്നില്ല. പക്ഷെ അത് അവൻമറന്നുപോയിരുന്നു. ടൂർണമെന്റിന് പോവേണ്ട ദിവസമാണ് അതവന് ഓർമവന്നത് . അത് വരെ അവൻ വീട്ടിൽ ഉണ്ടാക്കിയ മരത്തിന്റെ ബാറ്റ് കൊണ്ടാണ് കളിച്ചത് . നല്ലൊരു ക്രിക്കറ്റ് ബാറ്റ് വാങ്ങാൻ അപ്പുവിന്റെ നിർബന്ധപ്രകാരം അച്ഛൻ വേഗം ബൈക്ക് എടുത്ത് ടൗണിൽ പോയി. പിന്നെ കേട്ടത് അച്ഛന്റെ മരണ വാർത്തയായിരുന്നു. അവന്റെ സ്വപ്നത്തിന്റെയും ജീവിതത്തിന്റെയും വഴി അവിടെ അടയുകയായിരുന്നു. പിന്നെ അവന് ക്രിക്കറ്റിനോട് ഒരു തരം വെറുപ്പായിരുന്നു. ആ വെറുപ്പിന് കാരണം അച്ഛൻ മരിച്ചത് താൻ കാരണമാണെന്ന കുറ്റബോധമായിരുന്നു .ആ ചിന്ത അവനെ കൂടുതൽ സങ്കടത്തിലാഴ്ത്തി. ഇന്ന് അവന് ക്രിക്കറ്റ് ടൂർണമെന്റ് ഉണ്ട് . പക്ഷെ അവന്റെ സമ്മതപ്രകാരമല്ലാതെ അവന്റെ സ്വപ്നത്തിലേക്കുള്ള വാതിൽ തുറക്കൻ വേണ്ടി അമ്മ നൽകിയ

പേരാണ്, അവിടുന്ന് പോകാൻ വേണ്ടി അന്ന് രാവിലെ വിളിച്ചിരുന്നു. അമ്മ പറഞ്ഞു: മോനേ നീ ക്രിക്കറ്റ് ടൂർണമെന്റിന് പോവണം അച്ഛനത് ആഗ്രഹിക്കുന്നുണ്ടാവും. പക്ഷെ അവനത് തീരെ തൽപര്യമുണ്ടായിരുന്നില്ല. എന്നിട്ടും അച്ഛനോടുള്ള സ്നേഹത്താലും അച്ഛന്റെ ആത്മാവിനേപോലും സങ്കടപെടുത്തരുതെന്ന ചിന്ത കൊണ്ടും അവൻ അമ്മയുടെ സമ്മതത്തിൽ വഴങ്ങി. അവന്റെ സ്വപ്ന ത്തിലേക്കുള്ള ഒരു മടക്കയാത്രയായിരുന്നു അത്. പക്ഷെ അച്ഛനോടൊത്തുള്ള സ്വപ്നത്തിലേക്കുള്ള യാത്ര അവനിൽ സങ്കടമുണ്ടാക്കി. അവന്റെ കുറ്റ ബോധമാണ് അവനിൽ ആ സങ്കടമുണ്ടാക്കിയത്. അമ്മയുടെയും അച്ഛന്റെയും അനുഗ്രഹത്തോടെ അവൻ ടൂർണമെന്റിന് പോവാൻ തയ്യാറായി . അവന്റെ സ്വപ്ന്ത്തിലേക്കുള്ള യാത്ര അവൻ ഇവിടം മുതൽ പുനഃരാരംഭിച്ചു. അച്ഛന്റെ ചിന്തകളോടൊപ്പം അവൻ ആ യാത്രയിലേക്ക് കൈപിടിച്ച് നടത്തി.



by: Ayana M K

# പ്രകാശം പരത്തുന്ന പക്ഷി

അന്നത്തെ ആ യാത്ര അവന്റെ ജീവിതത്തിലെ വജ്രത്തിളക്കം പോലെ അമൂല്യവത്തായ അധ്യായങ്ങളിൽ ഒന്നായിരുന്നു. വിശപ്പ് എന്ന ദുഃഖം കടലോളം വ്യാപിച്ചു കിടന്നിരുന്നു.പക്ഷേ ആലംബമറ്റവർക്ക,വാർദ്ധക്യത്താലും,ദുഃഖഭാരത്താലും ശരീരം



വറ്റിപ്പോയവർക്ക് ഒരു തണലേകാൻ സാധിച്ചു എന്നത് സത്യം.തെരുവോരങ്ങളിൽ സൂര്യകിരണങ്ങളുടെ ചുട്ടു പൊള്ളുന്ന വെയിലേറ്റ് തളർന്ന് നുകിടക്കുകയായിരുന്നു അവർ.കിടക്കുകയാണെന്ന് തോന്നുമെങ്കിലും എഴുന്നേൽക്കാനാകാതെ ജീവിതത്തിനും മരണത്തിനും ഇടയിലുള്ള നൂൽപ്പാലത്തിലൂടെ അർദ്ധബോധാ വസ്ഥയിൽ സഞ്ചരിക്കുന്നവർ.

രാമു തന്റെ നല്ല ഓർമ്മകളിലേക്ക് അലഞ്ഞു.ദരിദ്ര കുടുംബത്തിൽ ജനിച്ച രാമുവിന് അച്ഛനില്ല. ഒരു അപകടത്തിലാണ് രാമുവിന് അച്ഛനെ നഷ്ടമായത് . പിന്നീട് അമ്മയായിരുന്നു എല്ലാം. സ്കൂൾ പഠനത്തിനൊപ്പം കിട്ടുന്ന ജോലികളെല്ലാം ചെയ്ത അമ്മയുടെ പ്രതീക്ഷക്കൊത്തു നീങ്ങി.പൊതു സമൂഹത്തിന് ഒരു ഡോക്ടറെ സമ്മാനിക്കുകയാണ് അവന്റെ ജീവിതത്തിലൂടെ ചെയ്യുന്നത്.കൂടെ അശരണർക്കും അഗതികൾക്കും

ആശ്രയമാകുംവിധം
ഒരുക്കൂട്..........പക്ഷിക്കൂട്
ഈ ഓർമ്മകൾ
അവരുടെ ജീവിതം
പോലെ  തന്നെയായി
രുന്നു എന്റെയും



എന്ന് ഓരോ നിമിഷവും ഓർമ്മിപ്പിച്ചു.അവരുടെ വിശപ്പ് മാറ്റാൻ കഴിഞ്ഞു.അവരെ സുരക്ഷിതമായ ഒരു വൃദ്ധസദനത്തിൽ താമസിപ്പിച്ചു.തന്റെ ഹൃദയസ്പന്ദങ്ങൾ അവരുടെ ജീവിതത്തിലും താളം പിടിക്കുന്നത് തൊട്ടറിഞ്ഞു.ചിറകുവിടർത്തി തണലേകിയ തള്ളപ്പക്ഷിയെപോലെ രാമു അവരുടെ ജീവിതത്തിൽ പ്രകാശം പരത്തി.

ശ്രീനന്ദ കെ എം

# മഴ

ഓർക്കുന്നു ഞാനെന്റെ ബാല്യ കാലം....
മഴകളെ മനസ്സിന്റെ മഞ്ചലുകളെ..............
തെന്നലായ് പെയ്യുന്ന ഓർമ്മകളേ.........
തുള്ളിയായ് പെയ്യുന്ന മഴ മഴകളേ നിന്നെ ഞാൻ
ഓരോ രാവിലും ഓർക്കുന്നു ഞാൻ..
പാടൊത്തുപോയൊന്നു പട്ടം പറപ്പിക്കാൻ
മഴകളും സമ്മതിക്കില്ലെന്ന പോലെ........
തുലാംമാസ മഴയേ നീ വേഗം വരൂ...........
രാമായണ മാസമേ നീ എനിക്ക്
മഴത്തുള്ളികൾ സമ്മാനിച്ചു.
മഴത്തുള്ളികളേ നീ ഈ ഭൂമിയിൽ
നിന്ന് എന്തു നേടി........................
മഴയുടെ പുഞ്ചിരി വാരിപ്പുണരുവാൻ
തെന്നലും കൂട്ടി പെയ്തീടുവാൻ
മധുരമൂറും തുള്ളി മഴകളേ..........
ഇനി മഴയായ് പെയ്യുമോ.........
ഓരോ മഴയും ഇരുളിൽ പെയ്തു.
മഴയുടെ കുളിരെ നീ വേഗം വന്നീടുവിൻ
ഇരുൾ പരപ്പിൽ മഴകളേ...........
നീ അനുരാഗം തേടുന്നതെവിടെ
മഞ്ഞു പെയ്യുന്ന മഴക്കാലമേ....,
നീ പെയ്യാത്തതെന്തേ..................
പൂക്കൾ പൂക്കും കാലമേ
നീ വന്നിടുന്നതെപ്പോൾ.



By:Snehasree

# എന്റെ ചിന്തകൾ



ഒരു ഞായറാഴ്ച ദിവസം. രാവിലെ അടുത്ത വീട്ടിലെ പൂവൻ കോഴിയുടെ ക്രൂവൽ കേട്ടിട്ടാണ് ഞാൻ ഉണർന്നത്. രാവിലെയായി എന്ന് ഇവയെ ആരാണ് അറിയിക്കുന്നത് എന്ന ചിന്തയായിരുന്നു എനിക്ക്. കുറച്ചു സമയം അവിടെ തന്നെ കിടന്ന ശേഷം എഴുന്നേറ്റ് പുറത്തേക്ക് വന്നു. അപ്പോഴാണ് അടുക്കള വശത്തു നിന്നും കുറേ കാക്കകൾ ഒച്ചയാക്കുന്നത് കേട്ടത്.പിന്നെ അവിടെയ്ക്കായി എന്റെ നോട്ടം. കാക്കകൾ നാലെഞ്ചെണ്ണമുണ്ട് കൂട്ടത്തിൽ ഒരു ഒറ്റക്കാലൻ കാക്കയുമുണ്ട്. അപ്പോൾ അമ്മൂമ്മ പറയുന്നത് കേട്ടു. ഇന്നും പതിവു സമയത്തു തന്നെ എത്തിയല്ലോ?. അമ്മൂമ്മ തലേ ദിവസത്തെ ബാക്കിവന്ന ഭക്ഷണം കാക്കകൾക്ക് കൊടുത്തു. ഭക്ഷണം കഴിച്ചശേഷം അവ പറന്നു പോയി.രാവിലെ തന്നെ ഇവിടെ വന്നാൽ ഭക്ഷണം കിട്ടുമെന്ന് ആരാണ് ഇവരോട് പറഞ്ഞിട്ടുണ്ടാവുക എന്ന ചിന്തയുമായി നടക്കുമ്പോഴാണ് മുറ്റത്തുകൂടെ വരിവരിയായി പോകുന്ന ഉറുമ്പുകളിലേക്ക് എന്റെ നോട്ടംപതിഞ്ഞത് വരിതെറ്റാതെ ഒന്നിനുപിറകെ ഒന്നായി

നടക്കണമെന്ന് ആരാണ് ഇവരെ പഠിപ്പിച്ചിട്ടു ണ്ടാവുക എന്ന് ചിന്തിച്ചിരിക്കുമ്പോഴാണ് അടുക്കളയിൽ നിന്നും അമ്മയുടെ വിളിക്കേട്ട ത്. വിളിക്കേട്ടതും ഞാൻ അടുക്കളയിലേക്ക് ഓടി.



ദിയ പി നമ്പ്യാർ

8-A

# ഇന്ത്യ ശാസ്ത്രപുരോഗതിയിലേക്ക്

ഏതോരു രാജ്യത്തിന്റെയും ശാസ്ത്രരംഗത്തെ മികവ് രാജ്യത്തെ പുരോഗതിയിലേക്ക് നയിക്കുന്നതാണ് ശാസ്ത്രരംഗത്തുണ്ടാകുന്ന പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ കാഴ്ചപ്പാടുകൾ എന്നിവ രാജ്യത്തെ ശാസ്ത്രപുരോഗതി വർദ്ധിപ്പിക്കുന്നു വികസ്വര രാജ്യമായ നമ്മുടെ ഇന്ത്യ ഇന്ന് ശാസ്ത്രപുരോഗതിയിലേക്ക് മുന്നേറുകയാണ്




ഇന്ത്യ പല രംഗങ്ങളിലും പുരോഗതി കൈവരിച്ച് കൊണ്ടിരിക്കുകയാണ്, ഒരുപക്ഷെ മറ്റ് രാജ്യങ്ങളെക്കാളും അമേരിക്ക,റഷ്യ പോലുള്ള രാജ്യങ്ങൾ പുരോഗതി കൈവരിച്ചു കൊണ്ടിരുന്നപ്പോൾ ഒന്നുമല്ലാതിരുന്നഇന്ത്യ ഇന്ന് അവർക്കൊപ്പമുണ്ട്



ഇന്ത്യയുടെ ബഹിരാകാശ പര്യവേക്ഷണ കേന്ദ്രമായ ISRO ഇന്ന് നേട്ടങ്ങളുടെ തലപ്പത്താണ് ചന്ദ്രയാൻ 1 , ചന്ദ്രയാൻ 2 , ചന്ദ്രയാൻ 3 എന്നീ 3 ചാന്ദ്ര ദൗത്യങ്ങളാണ് ഇതുവരെ ഇന്ത്യ വിക്ഷേപിച്ചിട്ടുള്ളത് ചാന്ദയാൻ 3 ഈ അടുത്തിടെയാണ് ചന്ദ്രനിൽ വിജയകരമായി ലാന്റെ ചെയ്തത് ചെയർതമാലൻ സ്വമിനാഥനും അനുയായികളും ഒന്നിച്ച് നടത്തിയ പരിശ്രമത്തിൻഫലമാണത് അതുപോല സൂര്യനെക്കുറിച്ചറിയാനായി സൗരദത്യമായ ആദിത്യ എൽ-1 ഉം വിക്ഷേപിച്ചു അത് വിജയകരമായി യാത്രതുടരുന്നു ചന്ദ്രയാൻ 3ന്റെ റോവറായ പ്രഗ്യാൻ ചന്ദ്രനിലെ വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു അതുമായുള്ള കണക്ഷൻ നഷ്ടപ്പെട്ടെങ്കിലും അത് വീണ്ടെടുക്കാനുള്ള പരിശ്രമം തുടരുകയാണ് ശാസ്ത്രജ്ഞർ ISROയുടെ ആദ്യത്തെ ചെയർമാൻ വിക്രം സാരാഭായ് ആയിരുന്നു അദ്ദേഹത്തിന്റെ ഗവേഷണഫലമായാണ് ISROയും അതുപോലെ കേരളത്തിൽ തിരുവനന്തപുരത്ത് തുമ്പയിൽ വിക്രം സാരാഭായ്

സ്പെയിസ് സെന്ററും നിലകൊള്ളുന്നത്
നമ്മുടെ നാട്ടിൽ തന്നെ മഹത്തായ്
ഒരുപാട് പേർ ശാസ്ത്രരംഗത്ത് സംഭാവനചെയ്തിട്ടുണ്ട്
ബഹിരാകാശരംഗത്ത് മാത്രമല്ല മറ്റ് തലങ്ങളിലും ഇന്ത്യ
പുരോഗതികൈവരിച്ചു കൊണ്ടിരിക്കുന്നു ശാസ്ത്രപരമായി ഒരുപാട്
ഉപകരണങ്ങളും ഇന്ത്യയുടെ സംഭാവനയായി ഇന്ന് വിപണിയിലെത്തുന്നു അതുപോലെ വിപണിയിൽ എത്തുന്ന മൊബൈൽ ഫോൺ കമ്പ്യൂട്ടർ, ടാബ്ലെറ്റ് തുടങ്ങി ഉപകരണങ്ങൾ ക്കുള്ളിലും ശാസ്ത്രപുരോഗതിയുണ്ട്ഇന്ന്



എല്ലാം സംവിധാനങ്ങളുനമ്മുടെ കൈവിരലിൽ ലഭ്യമാണ്
അതുപോലെ ലാൻ ഫോൺ, സ്വിച്ച് ഫോൺ എന്നിവയ്ക്ക് പകരം
ടച്ച് ഫോണുകൾ ഇറങ്ങി അതിലും ഇന്ത്യയുടെ
കണ്ടുപിടിത്തങ്ങളുണ്ട് മരണത്തിന് തൊട്ട് മുൻപ് വരെ
ശാസ്ത്രപരീക്ഷണങ്ങൾ നടത്തിയ ശാസ്ത്രജ്ഞരും ഇന്ത്യയി ലുണ്ട്
വലിയ വ്യക്തികളിൽ മാത്രമല്ല വളർന്നു വരുന്ന കുട്ടികളിൽ
പൊലും ശാസ്ത്രബോധം ഉണർത്താൻ ഇന്ന് പല പരിപാടികളും
ഇന്ത്യ ആസൂത്രണം ചെയ്യുന്നുണ്ട്

# അതിജീവനത്തിന്റെ ബാല്യം

എന്റെ ജീവിതത്തിൽ നടന്ന സംഭവങ്ങളാണ് ഈ കഥയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. 1 മുതൽ 4 വരെ ഞാൻ പഠിച്ച സ്ക്കൂളിൽ നല്ല കുട്ടികളും നല്ല അധ്യാപകരുമാണ് ഉണ്ടായത്. നല്ലവണ്ണം എൻജോയ് ചെയ്താണ് ഞാൻ അവിടെ പഠിച്ചത് . പിന്നീട് 5 മുതൽ 7ാം ക്ലാസ് വരെ മറ്റൊരു സ്ക്കൂളിൽ പഠിച്ചു. അവിടെയും ആദ്യത്തെ ഒരു കൊല്ലം നല്ല ക്കൂട്ടുകാർ ഉണ്ടായിരുന്നു. രണ്ടാം വർഷം കൊറോണ ക്കാലമായതിനാൽ ഓൺലൈൻ ക്ലാസ്സായിരുന്നു. അതും നല്ല രസമായിരുന്നു. നല്ല ഉത്സാഹത്തോടെ എല്ലാ ക്ലാസുകളിലും ഞാൻ പങ്കെടുത്തു. ഹൈസ്ക്കൂൾ പഠനത്തിനായി പുതിയ സ്ക്കൂളിൽ ചേർന്നപ്പോൾ ക്കൂട്ടുകാരെയെല്ലാം എനിക്ക് നഷ്ടമായി. പിന്നീട് എനിക്ക് സ്ക്കൂളിൽ പോകാൻ തന്നെ മടിയായി. കുട്ടികളെല്ലാം പല സ്ക്കൂളിൽ നിന്ന് വന്നവർ അവർ ഓരോ ഗ്യാങ്ങായി എന്നെ ഒറ്റപ്പെടുത്തുന്നു. ആദ്യമൊക്കെ എല്ലാം അതിജീവിക്കാൻ ഞാൻ ഒരുപാട് പ്രയാസപ്പെട്ടു.അധ്യാപകരുടെയും രക്ഷിതാക്കളുടെ ക്കൂട്ടായ്മകൊണ്ട് ഞാൻ ഒരു വിധം പൊരുത്തപ്പെട്ടുപ്പോവുന്നു. ഇപ്പോൾ എനിക്ക് ഒരുപാട് ചങ്ങാതിമാരുണ്ട് അവരാണ് എന്റെ ആശ്വാസം.ഞാൻ എന്റെ ജീവിതത്തിൽ നിന്ന് പഠിച്ചത് സാഹചര്യത്തിനനുസരിച്ച് മാറ്റങ്ങൾ നമ്മൾ ഉൾക്കൊള്ളണം എന്നാണ്.



Mubashira V V

# ചിന്നുവിന്റെ ഡയറി

ഒരു ദിവസം ഒരു ഗ്രാമത്തിൽ ഒരു ചിന്നു എന്ന കുട്ടിയുണ്ടായിരുന്നു. ചിന്നു 1ാം ക്ലാസ് വിദ്യാർഥിയാണ്. അവൾ അവളുടെ അമ്മയുടെ



വീട്ടിൽ പോവുകയായിരുന്നു. അവളുടെ അമ്മയുടെ വീട് എത്താനായ പ്പോൾ ഒരു ഓട്ടോറിക്ഷ മറഞ്ഞത് കണ്ടു. അത് കണ്ട് അവളുടെ അച്ഛൻ വണ്ടി നിർത്തി. അവളുടെ അച്ഛനും ഏച്ചിയും അവളും ചേർന്ന് ആ വണ്ടി ശരിക്ക് വച്ചു എന്നിട്ട് അതിലെ ഒരു ഏച്ചിയും ഒരു ഏട്ടനും ഉണ്ടായിരുന്നു. ചിന്നുവും അച്ഛനും ചേർന്ന് അവരെ ആശുപത്രിയിൽ എത്തിച്ചു. കുറച്ചു കഴി ത്ത് അവർ ചിന്നുവിനോട് പേര് ചോദിച്ചു. എന്നിട്ട് ചിന്നു പേര് പറഞ്ഞ് കൊടുത്തു. ചിന്നു അവരോട് നിങ്ങളുടെ പേര് എന്താ ? എന്ന് ചോദിച്ചു. അവർ വിമല രാജൻ എന്ന് പറഞ്ഞു. അപ്പോൾ ചിന്നു ചോദിച്ചു നിങ്ങൾ എവിടെയാണ് പോകുന്നത് ?. വിമല പറഞ്ഞു ഞങ്ങൾ കടയിലാണ് പോകുന്നത്. എന്നിട്ട് ചിന്നുവും കുടുംബവും അമ്മയുടെ വീട്ടിൽ പോയി. എന്നിട്ട് ചിന്നു അവിടെ ഉള്ളവരോടൊക്കെ ഈ കാര്യം പറഞ്ഞു. അപ്പോൾ ചിന്നുവിന്റെ ഏട്ടൻ അവളെ പ്രശംസിച്ചു. അവൾക്ക് സന്തോഷമായി.

ഷാനിയമോൾ

# തൂവൽ സ്പർശമായ മഴ

പഞ്ഞിമേടയായ ആകാശം
ഇരുണ്ടു കറുകത്തു.
തൂവൽ തഴുകി മേഘം
മഴയെ പറഞ്ഞയച്ചു
മിന്നി തിളങ്ങും മിന്നലും
ചെണ്ട മേളമായി ഇടിയും
വന്നെത്തിപ്പോയി.
പ്രകൃതിയെ മാറ്റ കൂട്ടുന്നൊരു
മഴ ഇതാ.... ചിന്നം പിന്നം എത്തിപ്പോ
തണുത്ത് ഭയന്നിരിക്കും ആ നേരം
അമ്മതൻ സാരി ചുരുളിൽ ചുരുണ്ടിരിക്കും
ഒരു നിമിഷം.
മഴത്തുള്ളികൾ ചിതറിതെളിക്കുമ്പോൾ
ഓരോന്നായി ഞാൻ എണ്ണി കളിച്ചു.
പുൽതകിടിൽ ഉറ്റു ഉറ്റായി
വിഴുന്ന മഴത്തുള്ളികൾ
എത്ര മനോഹരം ഹാ ! മനോഹരം
കളിത്തോന്നിയെ കുട്ടിക്കാല കുസൃതിയായി

ഞാൻ ഓർത്തുപോകുന്നു.

തുള്ളികളിക്കും തവളകളും

നീന്ത കുതിച്ച്.

ഉല്ലാസദരിതയായി മീനും

മാനും ദംഗിയാക്കി

സൗന്ദര്യറാണി മഴവില്ലും

പാടം നിറയെ ചളിവെള്ളം

കളിച്ചു രസിച്ചും

ഒരു മഴക്കാലത്തെ തോർത്തു അയച്ചു.....

വീണ്ടുമൊരു കുട്ടിക്കാലത്തെ

തഴുകിയെടുക്കാൻ ഇനി

ആകുമോ ഈ ജന്മം

by: sreenandha k.m

# ഭയം



മഴക്കാലത്ത് ആയിരുന്നു,കേട്ടു കേൾവി മാത്രം ഉണ്ടായിരുന്ന ഭയാനകമായ ആ കാട്ടി ലേക്ക് ഞങ്ങൾ ഒരു യാത്ര പോയത്. നിറയെ വന്യജീവികൾ നിറഞ്ഞ കാടായിരുന്നു അത്. യാത്രയുടെ തുടക്കത്തിൽ തന്നെ ഭയം എന്നെ പിന്തുടരുന്നുണ്ടായിരുന്നു. കാട്ടിലെത്തിയ ഉടനെ ഭയപ്പെടുത്തുന്ന ഒരുപാട് ശബ്ദം കാതിൽ മുഴങ്ങാൻ തുടങ്ങി . കുട്ടുകാരുടെ കൂടെയായിരുന്നു യാത്ര. ഞങ്ങൾ രണ്ടു ഭാഗമായി വേർതിരിഞ്ഞ് ഭംഗി ആസ്വദിക്കാൻ ഇറങ്ങിതിരിച്ചു.

ഞങ്ങൾ നാലു പേരുണ്ടായിരുന്നു എന്റെ കൂടെ ഉള്ള നല്ല ധൈര്യശാലികൾ ആണ്. ആ ഒരു ധൈര്യത്തിലാണ് ഞാനും ഇറങ്ങിത്തിരിച്ചത്. ഒരുപാട് മൃഗങ്ങളെ ഞങ്ങൾ കണ്ടു . മാൻ,ആന,കാട്ടുപന്നി എന്നിങ്ങനെ... നിറയെ പക്ഷികളെ യും കണ്ടു. സത്യം പറഞ്ഞാൽ ഞങ്ങൾ കിളികളുടെ ശബ്ദത്തിന് പിന്നാലെയാണ് നടന്നത്. അവസാനം ഞാൻ ഭയന്നത് പോലെ ഒരു ശബ്ദം. ആദ്യം എനിക്കൊന്നും വ്യക്തമായില്ല. വീണ്ടും ഒന്നുടെ അതെ ശബ്ദം. അതൊരു പുലിയുടയൊ മറ്റൊ ആയിരുന്നു. എന്നി ട്ടും കൂടെയുള്ള കൂട്ടുകാർക്ക് ഒരു കുലുക്കവും ഇല്ല. അവർ വീണ്ടും വീണ്ടും നേരെ യാത്ര തുടർന്നു. ഞാൻ അവരൊട് തിരിച്ച പൊകാം എന്ന് പറഞ്ഞു വിലക്കിയെങ്കിലും അവർ അതൊന്നും കൂട്ടാക്കിയില്ല.

തിരിച്ച് ഒറ്റയ്ക്ക്എനിക്ക് പേടി ആയത്കൊണ്ട് മറ്റ് വഴികൾ ഇല്ലാത്തതുകൊണ്ടും ഞാനും അവരുടെ കൂടെ നടന്നു.കുറേ കഴിഞ്ഞപ്പോൾ ഞങ്ങൾ എല്ലാവരും കഷീണിച്ചു.കുറച്ചു സമയം എല്ലാവരും അവിടെയിരുന്നു.പെട്ടെന്ന്കാട് അനങ്ങുന്നത് പോലെ തോന്നി . പിന്നീടാണ് മനസ്സിലായത് അതൊരു തോന്നൽ മാത്രമായിരുന്നില്ല എന്ന്.ഒരു പുലി ഞങ്ങളുടെ മുന്നിൽ ചാടി വീണു.എന്റെ കൂട്ടുകാരെല്ലാം പെട്ടെന്ന് തന്നെ ഒരു മരത്തിൽ കയറി.ഞാൻ അവിടെ വീണു പോയി . വീഴ്ചയുടെ ശബ്ദം കേട്ടോ മറ്റോ പുലി എങ്ങോട്ടോ ഓടിപ്പോയി.

വല്ല വിധേനയും ഞാൻ എങ്ങനെയോ മരത്തിൽ കയറി .പിന്നീട് ഞങ്ങൾ എങ്ങനെയൊക്കെയോ രക്ഷപ്പെടുകയായിരുന്നു.അങ്ങനെ ഭയം കൊണ്ട് പലതും ചെയ്യാതിരുന്ന ഞാൻ പതിയെ ഭയത്തെ ഒന്നു മറന്നു തുടങ്ങി.എന്റെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു അനുഭവമായി ആ യാത്രയെ മനസ്സോട് എന്നും ചേർത്തുവയ്ക്കുന്നു.

യദുകൃഷ്ണൻ

# സ്വപ്നങ്ങളിലേക്കുള്ള യാത്ര



മധു വന  ഗ്രാമത്തിലെ അമ്മത്തൊട്ടിലിൽ വളർന്നതാണ് നീതു.ജന്മനാ നടക്കാൻ കഴിവില്ലായിരുന്നു.ഇതറിഞ്ഞതിന് ശേഷം അവളുടെ അച്ചനമ്മമാർ അവളെ ഉപേക്ഷിച്ചു .  അമ്മത്തൊട്ടിലിൽ നീതുവിനെപ്പോലെ ഒരുപാട് വ്യത്യസ്ത കഴിവുകളുള്ള നല്ല നല്ല കുട്ടികളുണ്ട്.ഇവരെ നോക്കാനായി ഒരുപോട് നൻമ മനസ്സുകളുടെ കൂട്ടവും.

നടക്കാൻ കഴിയില്ല എന്നുറപ്പിച്ച നീതുവിന് തീവ്രമായ ആഗ്രഹമായിരുന്നു നടന്ന് ഉയരാൻ. അവൾക്കേറെ സപ്പോട്ടായി കുറേപ്പേർ ഉണ്ടായിരുന്നു . അമ്മയുടേയും അച്ചന്റെ അസാനിധ്യവും സ്നേഹവും അവൾക്കൊട്ടും തന്നെ  നഷ്ട്ടപ്പെട്ടില്ല.ജാനിയമ്മയായിരുന്നു അവളെക്കേറെ കൂട്ട്.

ജാനിയമ്മയോടൊത്തായിരുന്നു നീതു വിന്റെ ഉറക്കം.ഇരുവരും കുശലം പറഞ്ഞ് കഥയും പാട്ടും പാടി ഉറങ്ങും.നിദ്രയുടെ കൂരിരുളിലേക്ക് നീതു മയങ്ങി വീണു. " റെഡി ....വൺ......ടൂ......ത്രീ......"എന്നു പറഞ്ഞുള്ള വിസിലടിയോടെ ഓട്ടം ആരംഭിച്ചു ....  ആദ്യമൊക്കെ മൂന്നാം സ്ഥാനത്തായിരുന്ന നീതു പിന്നീട്  രണ്ടാം സ്ഥാനത്തെത്തി . ഫൈനലിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.അവളുടെ അച്ഛന്റെയും അമ്മയുടെയും പ്രോത്സാഹനം അടുത്ത ഫൈനൽ റൗണ്ടിലെ വിജയത്തിനവൾക്കേറെ സപ്പോട്ടായി

"ഫൈനൽ റൗണ്ട് തുടങ്ങാൻ ഇനി പത്തു മിനുട്ട് മാത്രം."അമ്മ അവളെ ഓർമ്മപ്പെടുത്തി . അവൾ എല്ലാ തരത്തിലും തയ്യാറായി . ഫൈനൽ റൗണ്ട് ആരം ഭിച്ചു . ചീറ്റപ്പുലിപോൽ അവൾ ചീറിപ്പാഞ്ഞു . അഘാതമായ ഓട്ട സ്നേഹം അവളെ അന്ന് വിജയത്തിലേക്കെത്തിച്ചു.

നടക്കാൻ കഴിയില്ല എന്ന കുറ്റപ്പെടുത്ത ലിനും കൂട്ടുകാരുടെ കളിയാക്കലിനും എതിരെയായി അവൾക്ക് നടക്കാനുള്ള തീവ്രമായ ആഗ്രഹം ഉച്ചനിലയിലേക്കെ ത്തി . അങ്ങനെ അവൾ മെല്ലെ മെല്ലെ നടക്കുകയും പിന്നീട് ഒളിംബിക്സ് മൽസരങ്ങളിലേക്ക് പങ്കെടുക്കാൻ അവസരവും ലഭിച്ചു എന്ന വാർത്ത അവളെ ഏറെ ആഹ്ലാദത്തിലാക്കി ...........

അച്ഛനും അമ്മയും യാത്രക്കായുള്ള ഒരുക്കങ്ങൾ നടത്തി.എല്ലാ സാധനങ്ങളും റെഡിയാക്കി യാത്ര പുറപ്പെട്ടു . ദൂരം കൂടിയയാത്ര ആയിരുന്നു.........

പെട്ടന്നായിരുന്നു എല്ലാം അട്ടിമറിഞ്ഞത്, അതിവേഗം ചീറിവന്ന ലോറി ഇവർ സഞ്ചരിക്കുന്ന ബസ്സിന് കുട്ടിയിടിച്ചു. ആളുകളുടെ കൂട്ടക്കരച്ചിലും ബഹളവും എല്ലാവരും ആകെ പരിഭ്രാന്തരായി."നീതു എന്ന ഇടയാർന്ന ശബ്ദത്തലൊരു വിളി ഉയർന്നു പൊങ്ങി.......

പെട്ടന്നവൾ ഉറക്കത്തിൽ നിന്ന് ഞെട്ടി എഴുന്നേറ്റു.അവൾ ആകെ പേടിച്ച് ഒരു വിധമായിരുന്നു . സ്വപ്നമായിരുന്നെന്ന ഒരു ഓർമ്മ അവളെ ഏറെ ആശ്വസിപ്പിച്ചു.

ആദ്യമായി അന്നവളുടെ പാദം നിലം തൊട്ടു ................



അദ്വയ പി എം

# കിളി വന്നു തൊട്ടപ്പോൾ

വിദൂരതയിലേക്ക് നോക്കി ഉമ്മറപ്പടിയിൽ ഇരിക്കുകയായിരുന്നു മനു.കുറച്ച് ദിവസമായി അവൻ സ്ക്കൂളിൽ പോയിട്ട്.ഒരു കടലോളം ദുഃഖമുണ്ട് അവന്റെ മനസ്സിൽ .ആ ആഴക്കടലിൽ നിന്ന് എങ്ങനെ കര കയറും എന്നവന് അറിയില്ല.

യഥാർത്ഥത്തിൽ ഒരു സ്വർഗം തന്നെയായിരുന്നു അവന്റെ കുടുംബം. അച്ഛനും അമ്മയും മനുവും അടങ്ങിയിരുന്ന ആ കുടുംബം ചെറുതായിരുന്നുവെങ്കിലും അവിടുത്തെ സന്തോഷം അതിരില്ലാത്തതായിരുന്നു.മനുവിന്റെ അച്ഛൻ കൂലിപ്പണിക്കാരനായിരുന്നു.എന്നും സൈക്കിളിലാണ് അച്ഛൻ ജോലിക്ക് പോയിരുന്നത്. എന്നത്തേയും പോലെ അന്നും മനുവിനോട് റ്റാറ്റ പറഞ്ഞു അച്ഛൻ ജോലിക്ക് പോയി . കുറച്ച സമയം കഴിഞ്ഞ് അറിയുന്നത് അച്ഛന്റെ മരണ വാർത്തയാണ്.ആ വാർത്തയറിഞ്ഞ അമ്മ തളർന്നു വീണു.

ഭർത്താവിന്റെ വിയോഗം താങ്ങാനാവാതെ ,മനസ്സ് വഴി തെറ്റിപ്പോയ മനുവിന്റെ അമ്മയ്ക്ക് ജീവിതത്തിലേക്ക് തിരിച്ച വരാൻ മാസങ്ങൾ വേണ്ടി വന്നു.മകനുവേണ്ടി അവർ വേദനകൾ കടിച്ചുപിടിച്ച് പുതിയൊരു ജീവിതത്തി ലേക്ക് കാലെടുത്ത് വെച്ചു.

അമ്മ ഒരു ഷോപ്പിൽ ജോലിക്ക് പോകാൻ തുടങ്ങി.മനു സ്ക്കൂളിലേക്കും പോയി.ഒരു ദിവസം അമ്മ ഷോപ്പിൽ തല കറങ്ങി വീണു. അവിടെയും വിധി അമ്മയോട മകനോടും ക്രൂരത കാട്ടി.അമ്മയ്ക്ക് ബ്രെയിൻ ട്യൂമർ.

മനു സ്വപ്നത്തിൽ എന്നതുപോലെ ഞെട്ടി ഉണർന്നു.അവൻ ചുറ്റും നോക്കി.അപ്പോൾ

കണ്ടത് അവന്റെ പ്രിയ സുഹൃത്തായ രോഹനെയായിരുന്നു.മനു അക്ഷരാർത്ഥത്തിൽ ഞെട്ടിത്തരിച്ചു പോയി.വീട് കണ്ടുപിടിക്കാൻ ഞാൻ ഒരുപാട് ബുദ്ധിമുട്ടി .നീയെന്താ സ്കൂളിൽ വരാതിരുന്നത്,അമ്മ എവിടെ മനു?ചോദ്യങ്ങൾക്കൊന്നും ഉത്തരം നൽകിയില്ല . വീടിനകത്തേക്ക് നോക്കി.

അവൻ ചുരുണ്ടു കൂടി കിടക്കുന്ന അമ്മയെയാണ് കണ്ടത്.രോഹൻ മനുവിന്റെ അടുത്ത് ചെന്നി രുന്നു . വേദനകടിച്ചമർത്തി എല്ലാം ഈ അവസ്ഥ കൂട്ടുകാരനിൽ വേദന ജനിപ്പിച്ചു.

സമ്പന്നരായ ഡോക്ടർ ദമ്പതിമാരുടെ ഏക മകനാണ് രോഹൻ.അവൻ വീട്ടിലെത്തി എല്ലാ കാര്യങ്ങളും അച്ഛനോടും അമ്മയോടും പറഞ്ഞു.പിറ്റേന്ന് തന്നെ രോഹൻ അച്ഛനേയും കൂട്ടി രോഹന്റെ വീട്ടിൽ ചെന്നു.അവർ അമ്മയെ ഹോസ്പിറ്റലിൽ കൊണ്ടു പോയി.മനുവിനെ രോഹന്റെ കൂടെ വീട്ടിലേക്ക് വിട്ടു.

ശബ്ദങ്ങൾ അടഞ്ഞുപോയ അവരുടെ ജീവിതത്തെ .........മനസ്സിനെ .....കുളിരണിയിക്കുന്ന കിളിയായ് വന്ന് തെട്ടുണർത്തിയത് രോഹന്റെ അച്ഛനെയായിരുന്നു.അച്ഛന്റെ അനുഗ്രഹവും ആഗ്രഹവും എന്ന പോലെ മനുവും രോഹനും ഇന്ന് ഡോക്ടർമാരാണ്.പാവങ്ങളുടെ ഡോക്ടർമാർ.....



അയന എം കെ

# ഇന്ത്യ ശാസ്ത്രപുരോഗതിയിൽ ഇനിയും ഉയരത്തിലേക്ക്

ഇന്ന് ഇന്ത്യ ശാസ്ത്ര പുരോഗതി കൈവരിച്ചു കൊണ്ടിരിക്കുകയാണ്. ഏതൊരു രാജ്യത്തിന്റെയും മികവ് പുലർത്തുന്നതിൽ ശാസ്ത്രപുരോഗതിക്ക് ഒരു പങ്കുതന്നെയുണ്ട്. നമ്മുടെ ഇന്ത്യ ശാസ്ത്രപരമായി മുന്നിൽ തന്നെയാണ് വിവിധ കണ്ടുപിടിത്തങ്ങളിലൂടെയും നേട്ടങ്ങളിലൂടെയും കാഴ്ചപ്പാടിലൂടെ ഇന്ത്യയുടെ ശാസ്ത്രപുരാഗതി വർദ്ധിച്ചു വരുകയാണ്.





വളരെ ചെറുതായ നമ്മുടെ ഇന്ത്യ മറ്റ് രാജ്യങ്ങളെക്കാൾ വളർന്നു ഇതിന് പ്രധാന കാരണം ഇന്ത്യ കൈവരച്ചു കൊണ്ടുവരുന്ന പുരോഗതികൾ ആണ്. ഒന്നുമല്ലാതിരുന്ന ഇന്ത്യ ഇപ്പോൾ വളർന്ന് ഒപ്പം കൈപിടിച്ചെത്തി. ഇന്ത്യ വളർന്നു തുടങ്ങിയപ്പോൾ ഇന്ത്യയോടൊപ്പം ശാസ്ത്രപുരോഗതിയും വളർന്നു വന്നു. അതിന് സഹായിച്ച ഒന്നാണ് ചന്ദ്രയാൻ 3 എന്ന ദൗത്യം. പലയിടങ്ങളിലും തളർന്നു വീഴാൻ പോയപ്പോഴും ഇന്ത്യയുടെ ശാസ്ത്രജ്ഞർ കൈവിടാതെ ഒരു യാത്ര തന്നെ ആരംഭിച്ചു കൊടുത്തു. പണ്ട് ബ്രിട്ടീഷുകാരുടെ






നേട്ടങ്ങളും കണ്ടുപിടിത്തങ്ങളും കണ്ട് ഇന്ത്യ എന്ന കൊച്ചു രാജ്യം നിസ്സഹായതയോടെ നിന്നു. ബ്രിട്ടീഷുകാരുടെ ചൂഷണത്തിൽ അടിമകളായ ഇന്ത്യക്കാർക്ക് മറ്റ് രാജ്യങ്ങളെ പോലെ എല്ലാ തരത്തിലുമുള്ള പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ലായിരുന്നു. സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഇന്ത്യ പലയിടങ്ങളിലും നേട്ടങ്ങൾ കൈവരിച്ചു.

ഇന്നത്തെ കാലത്തെ അപേക്ഷിച്ച് പണ്ട് ഒരു രംഗത്തും മാറ്റങ്ങൾ ഉണ്ടായിരുന്നില്ല. പല രംഗത്തും നേട്ടങ്ങൾ ഉണ്ടായത് നാം ഓരോരുത്തർക്കും ഉപകാരപ്രദമായി. ശാസ്ത്രരംഗത്ത് നമ്മുടെ രാജ്യത്തുതന്നെ പുരോഗതുകൾ സംഭാവനകൾ ചെയ്യുവരുണ്ട്. അവരിൽ നാം അഭിമാനം കൊള്ളേണ്ടതുണ്ട്. ശാസ്ത്രപരമായി ഉപകരണങ്ങൾ ഇന്ത്യ കൊണ്ടുവന്നിട്ടുണ്ട്. മൊബൈൽഫോൺ, കമ്പ്യൂട്ടർ, ടി.വി, ടാബലെറ്റ് തുടങ്ങിയവ ഇന്ത്യയിലും പുതിയ മാറ്റങ്ങൾ ഉണ്ടാക്കി. ശാസ്ത്രജ്ഞരുടെ കാഴ്ചപ്പാടാണ് ഓരോ രാജ്യത്തിന്റെയും പുതിയ മാറ്റങ്ങൾക്ക് കാരണം. ഇന്ത്യ താഴ്ന്ന പോയെങ്കിലും ബഹിരാകാശ കണ്ടുപിടിത്തങ്ങളിലും നമ്മുടെ ഉപകരണങ്ങളിലും ഒരു നിമിഷം കൊണ്ട് പുരോഗതിയാക്കി മാറ്റുന്നു. പല പരീക്ഷണങ്ങളും വിജയകരമായി മാറുന്നത് നമ്മുടെ രാഷ്ട്രത്തിനും ഓരോ ജനതയ്ക്ക് അഭിമാനമുള്ളതാണ്. പണ്ട് ഇതൊന്നുമില്ലാത്ത ഒരു രാഷ്ട്രത്തെ ഇപ്പോഴത്തെ ജനതയ്ക്ക് ഉൾക്കൊള്ളാൻ പോലും സാധിക്കുന്നില്ല. ഇത്രയും നേട്ടങ്ങൾ ഒന്നും നമ്മുടെ രാജ്യത്തിന് ഇല്ലായിരുന്നെങ്കിൽ ഇന്ത്യ എന്നും അടിയുറച്ചു പോയേനേ. ഇന്നത്തെ സമൂഹത്തിൽ ശാസ്ത്ര പുരോഗതി ഒരു ഘടകം തന്നെയാണ്. ഇത്തരം കണ്ടുപിടിത്തങ്ങൾ കണ്ടുപിടിക്കുന്ന ശാസ്ത്രജ്ഞർ ഇന്ത്യയുടെ വിജയത്തിനുവേണ്ടി പ്രയത്നിക്കുന്നതു കൊണ്ടാണ്. ശാസ്ത്ര പുരോഗമനം ഇന്ത്യയുടെ വികസനത്തിന് ഏറെ സഹായിക്കുന്നു. ഇന്ത്യയുടെ ഈ കുതിച്ച് ചാട്ടം മറ്റ് രാജ്യങ്ങൾക്ക് ഒപ്പം ഇന്ത്യ എത്തുന്നതിന് ഏറെ സഹായകമാണ്. ഇന്ത്യയുടെ ശാസ്ത്രപുരോഗതി ഇനിയും ഉയർന്ന് കടൽത്തീരത്തോളം അലയടിക്കട്ടെ. ..............

ശ്രീനന്ദ

# പ്രകൃതിയാണമ്മ



പ്രകൃത്തിയാണമ്മ സ്നേഹമാം അമ്മ
കാക്കണം നമ്മൾ
മരങ്ങളും ചെടികളുമെല്ലാം നട്ടു
വളർത്തിടണം
പുഴകളും തോടും വയലും മരുപ്പച്ചയും
അമ്മതൻ സ്നേഹം
വളരട്ടെ മരങ്ങളും ചെടികളും
പറന്നുയരട്ടെ പക്ഷികൾ
ഓടിക്കളിക്കട്ടെ മാനും മുയലും മറ്റു
ജന്തു ജാലങ്ങളും
മലിനമാക്കരുതേ അമ്മതൻ മേനി
സംരക്ഷിച്ചീടുക നാം ഇരുകൈകളാലും
പ്രകൃതിയാമമ്മ കോപത്തിലാവുമ്പോൾ
മണ്ണിലലിയും നമ്മുടെ
സ്വപ്നവും ജീവനും
സ്നേഹിക്കു പ്രകൃതിയെ
വാർത്തെടുക്കു പുതു തലമുറയെ....



**അമന്യ സി പി**

# രസകുടുക്ക



ഒരിടത്ത് ഒരിടത്ത് ഉറ്റ ചങ്ങാതി മാർ ഉണ്ടായിരുന്നു. അവരാണ് കുറുക്കനും കൊച്ചയും. ഒരു ദിവസം അവർ സംസാരിച്ച് കൊണ്ടിരിക്കുമ്പോൾ അവിടെ അപ്പുറത്തെ കൊമ്പിൽ താമസിക്കുന്ന് ഒരു പ്രാവ് വന്നു പറഞ്ഞു. കൊച്ചേ, കൊച്ചേ നിനക്ക് നാണമുണ്ടോ ഈ കറുത്ത കാക്കയോട് കൂട്ടുകൂടാൻ അപ്പോൾ കൊച്ച പറഞ്ഞു സൗഹർഥത്തിൽ വേർതിരിവില്ല . എല്ലാവരും ഒരുപോലെയാണ് ഇത് കേട്ടത്തോടെ പ്രാവ് നാണംകെട്ട പറന്നു പോയി. ഇത് കേട്ടപ്പോ കാക്കക്ക് സങ്കടമായി. അപ്പോൾ കൊച്ച പറഞ്ഞു. നീ വിഷമിക്കേണ്ട നീ എപ്പോഴും എന്റെ കൂട്ടുകാരനാണ്. ഇത് കേട്ടപ്പോൾ കാക്കക്ക് സന്തോഷമായി. അങ്ങനെ അവർ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ കൊച്ചു പറഞ്ഞു ഞാൻ നിനക്കൊരു ഗുണപാഠ കഥ പറഞ്ഞു തരട്ടെ. കാക്ക പറഞ്ഞു ആ പറഞ്ഞോളൂ. അങ്ങനെ കൊച്ച പറഞ്ഞു തുടങ്ങി......

ഒരിടത്ത് ഒരു ഒറ്റമുടിക്കാരൻ കുഞ്ഞുണ്ടായിരുന്നു. ആ കുട്ടിക്ക് തന്റെ ഒറ്റമുടിയിൽ വളരെ സങ്കടംഉണ്ടായിരുന്നു. അതുകൊണ്ട് ആ കുട്ടി മുടി തേടി വീട്ടിൽ നിന്നിറങ്ങി. പോകുന്ന വഴിയിൽ ഒരു കുറുക്കനെ കണ്ടു. കുറുക്കാ കുറുക്ക നീ നിന്റെ കുറച്ചുമുടി എനിക്ക് തരുമോ. കുറുക്കൻ മുടി കൊടുത്തു. പക്ഷേ കുറുക്കന്റെ മുടി കുഞ്ഞന് പാകമായില്ല. കുഞ്ഞന് വളരെ വിഷമമായി. അങ്ങനെ പലവരോടും കുഞ്ഞൻ മുടി ചോദിച്ചു. ഒന്നും കുഞ്ഞന്പാകമായില്ല. ആ സങ്കടത്തോടെ കുഞ്ഞൻ വീട്ടിലേക്ക് പോയി കണ്ണാടിയിൽ കുഞ്ഞൻ തന്റെ മുടി ഒന്ന് നോക്കി.ഒറ്റമുടി തന്നെ ആണ് തനിക്ക് ചേരുക എന്ന് അവനു മനസ്സിലായി. ഇതാണ് എന്റെ ഒറ്റമുടിക്കാരൻ കുഞ്ഞൻ ഇതുകേട്ട് കാക്ക

ചോദിച്ചു. ഇതിന്റെ ഗുണപാഠം എന്താണ് അപ്പോൾ കൊച്ച് പറഞ്ഞു ഒരു കാര്യത്തിലും നമ്മൾ കൂടുതലായി ആക്രാന്തം കാണിക്കരുത്. ഉള്ളതുകൊണ്ട് ഓണം പോലെ. ഇതുകേട്ടപ്പോൾ കാക്ക പറഞ്ഞു ഞാനും നിനക്ക് ഒരു കഥ പറഞ്ഞു തരട്ടെ കാക്ക പറയാൻ തുടങ്ങി......

ഒരു ഗ്രാമത്തിൽ ഒരു മേഘം ഉണ്ടായിരുന്നു. ആ മേഘത്തെ അവിടത്തെയുള്ള ഗ്രാമവാസികൾക്ക് ആർക്കും ഇഷ്ടമുണ്ടായിരുന്നില്ല അതുകൊണ്ട് മേഘത്തിന് സങ്കടമായി മേഘം കരഞ്ഞു മേഘം കരഞ്ഞപ്പോൾ ആ ഗ്രാമത്തിൽ വെള്ളപ്പൊക്കം ഉണ്ടായി. അവരെല്ലാവരും മഴയെയും മേഘത്തിനെയും ശപിച്ചു. അതിൽ സങ്കടപ്പെട്ട് ആ മേഘം ഗ്രാമത്തിൽ നിന്ന് പോയി കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഗ്രാമത്തിൽ വെള്ളം കിട്ടാതെ പച്ചപിടിച്ച ചെടികൾ എല്ലാം ഉണങ്ങി. ആ ഗ്രാമം വരണ്ടു. ഇതിൽ സങ്കടപ്പെട്ട ഒരു കുട്ടി മേഘത്തിനോട് പ്രാർത്ഥിച്ചു. മേഘമേ...മേഘമേ.. നീ വേഗം തിരിച്ചു വരൂ കുട്ടിയുടെ സങ്കടം കണ്ട് മേഘത്തിന് മനസ്സലിഞ്ഞു മേഘം അവിടെ തിരിച്ചുവന്നു എല്ലാവർക്കും സന്തോഷമായി അങ്ങനെ അങ്ങനെ മേഘം ആ ഗ്രാമത്തിലെ രക്ഷകനായി ഇതാണ് എന്റെ ‘ സൂപ്പർമാൻ ’ മേഘത്തിന്റെ കഥ. ഇതിന്റെ ഗുണപാഠം നമ്മൾ ഒരാളെയും അറിയാതെപോലും വേദനിപ്പിക്കരുത് ഈ കഥ കേട്ടപ്പോൾ കൊച്ചക്ക് വളരെ ഇഷ്ടമായി അങ്ങനെ അവർ രണ്ടുപേരും സന്തോഷത്തിൽ അവിടെനിന്ന് പറന്നു പോയി.

By Naja and Fathima

# ART GALLERY

